**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 657** **28-01-2026 - ൽ മറുപടിയ്ക്ക്**

**വടക്കാഞ്ചേരി മണ്ഡലത്തിൽ വ്യവസായ വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാരിന്റെ കാലത്ത് വടക്കാഞ്ചേരി മണ്ഡലത്തിൽ വ്യവസായ വകുപ്പ് മുഖേന ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ; | (എ) | ഈ സർക്കാരിന്റെ കാലത്ത് വടക്കാഞ്ചേരി മണ്ഡലത്തിൽ സംരംഭക വർഷം പദ്ധതിയിൽ 4756 സംരംഭങ്ങൾ ആരംഭിക്കുകയും, അതിലൂടെ 260.08 ലക്ഷം രൂപയുടെ നിക്ഷേപം ഉണ്ടാകുകയും 7787 തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ, താലൂക്ക് തലത്തിലും തദ്ദേശസ്ഥാപന തലത്തിലും സംഘടിപ്പിച്ച വിവിധ പരിപാടികൾ ചുവടെ ചേർക്കുന്നു.<br><br>ജനറൽ ഓറിയന്റേഷൻ ട്രെയിനിംഗ്<br><br>ലോൺ ലൈസൻസ് സബ്സിഡി മേള<br><br>എന്റർപ്രണർഷിപ്പ് ഫെസിലിറ്റേഷൻ ക്യാമ്പയിൻ<br><br>ബാങ്കേഴ്സ് മീറ്റ്<br><br>ഇൻവെസ്റ്റേഴ്സ് മീറ്റ് |
| (ബി) | ഇക്കാലയളവിൽ വടക്കാഞ്ചേരി മണ്ഡലത്തിലെ അയ്യൻകുന്ന്, മുണ്ടൂർ, വേളക്കോട്, അത്താണി എന്നീ വ്യവസായ എസ്റ്റേറ്റുകളിലായി വിവിധ പദ്ധതികൾക്ക് എത്ര തുക ചെലവഴിച്ചു എന്ന് വ്യക്തമാക്കാമോ; | (ബി) | വ്യവസായവകുപ്പിന്റെ കീഴിൽ അയ്യൻകുന്ന്, വേളക്കോട്, അത്താണി എന്നീ വ്യവസായ എസ്റ്റേറ്റുകളാണ് വടക്കാഞ്ചേരി നിയോജകമണ്ഡലത്തിന്റെ കീഴിൽ ഉള്ളത്. അത്താണി വ്യവസായ വികസന പ്ലോട്ടിൽ ചുറ്റുമതിൽ നിർമ്മാണത്തിനായി 41,09,000/- രൂപ പൊതുമരാമത്ത് വകുപ്പിന് കൈമാറിയിട്ടുണ്ട്. അയ്യൻകുന്ന്, വേളക്കോട് എന്നീ വ്യവസായ എസ്റ്റേറ്റുകളിലെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾക്കായി എസ്റ്റിമേറ്റുകൾ വ്യവസായ വാണിജ്യ ഡയറക്ടറേറ്റിൽ ലഭ്യമായിട്ടുണ്ട്. |
| (സി) | ഈ സർക്കാരിന്റെ കാലത്ത് വടക്കാഞ്ചേരി മണ്ഡലത്തിൽ വ്യവസായ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന എസ്. ഐ. എഫ്. എൽ. (Steel & Industrial Forgings Limited), എസ്. ഐ. എൽ. കെ. (Steel Industries Kerala Limited) തുടങ്ങിയ | (സി) | വ്യവസായ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന സ്റ്റീൽ ആൻഡ് ഇൻഡസ്ട്രിയൽ ഫോർജിംങ്സ് ലിമിറ്റഡിൽ ഈ സർക്കാരിന്റെ കാലത്ത് സ്ഥാപനത്തിന്റെ വികസന പ്രവർത്തനത്തിന്റെ ഭാഗമായി എസ്.ഐ.എഫ്.എൽ - ന്റെ അത്താണി യൂണിറ്റിൽ |

| | | | |
|---|---|---|---|
| | പൊതുമേഖലാ സ്ഥാപനങ്ങളിൽ നടത്തിയ വികസന പ്രവർത്തനങ്ങളുടെ വിശദാംശം ലഭ്യമാക്കാമോ ? | | മോഡേണൈസേഷൻ പ്രോജക്ടിന്റെ ഭാഗമായി ഹെവി ഡ്യൂട്ടി ഡൈ സിങ്കിങ് മെഷീൻ, 5 മെട്രിക് ടൺ ഓയിൽ ഫർണസ്, സ്ക്രൂ ടൈപ്പ് എയർ കംപ്രസ്സർ 3 എണ്ണം, 6 ടൺ ഹൈഡ്രോളിക് ഓപ്പൺ ഡൈ ഹാമ്മർ എന്നീ മെഷീനുകൾ സ്ഥാപിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ